<u>15 -ാം കേരള നിയമസഭ</u>

<u>16 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1611</u> <u>03-02-2026 - ൽ മറുപടിയ്ക്ക്</u>

<u>ഇരിട്ടി താലൂക്കിലെ അയ്യൻക്കുന്ന്, ആറളം പഞ്ചായത്തുകളിൽ നടന്ന ഡിജിറ്റൽ സർവേ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഇരിട്ടി താലൂക്കിലെ അയ്യൻക്കുന്ന്, ആറളം പഞ്ചായത്തുകളിൽ നടന്ന ഡിജിറ്റൽ സർവേയുമായി ബന്ധപ്പെട്ട് പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനു പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഇരിട്ടി താലൂക്കിലെ അയ്യൻക്കുന്ന്, ആറളം പഞ്ചായത്തുകളിൽ നടന്ന **ഡിജിറ്റൽ സർവേയുമായി** ബന്ധപ്പെട്ട് പരാതികൾ സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (ബി) | ഇത് സംബന്ധിച്ചുള്ള ഇ3/17/2022/റവന്യൂ എന്ന ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ? | (ബി) | കണ്ണൂർ ജില്ല, ഇരിട്ടി താലൂക്ക്, ആറളം വില്ലേജിന്റെ റീസർവെയുടെ ഭാഗമായി ആറളം അയ്യൻകുന്ന് വില്ലേജുകളെയും, പഞ്ചായത്തുകളെയും തമ്മിൽ വേർതിരിക്കുന്ന വെമ്പുഴ തോട്ടിന്റെ പുറമ്പോക്ക് തിട്ടപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ആറളം വില്ലേജിലെ വെമ്പുഴച്ചാൽ പ്രദേശങ്ങളിലെ ജനങ്ങളുടെ വീടും, കൃഷിഭൂമിയും നഷ്ടമാകുന്നു എന്ന് കാണിച്ച് എടൂർ വെമ്പുഴച്ചാൽ ആക്ഷൻ കമ്മറ്റി സമർപ്പിച്ചിട്ടുള്ള നിവേദനം സർക്കാർ REV-E3/17/2022-REV നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു. പ്രസ്തുത വിഷയത്തിൽ **ഉന്നത തലത്തിൽ ചർച്ചകൾ** നടത്തിയതിൻ പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ, സർവ്വേ ഡയറക്ടർ എന്നിവർ ലഭ്യമാക്കിയ റിപ്പോർട്ടുകൾ പരിശോധിച്ച് ഇക്കാര്യത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറുമായി ചർച്ച നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സർവ്വേ ഡയറക്ടറോട് സർക്കാർ നിർദേശിച്ചിരുന്നു. പ്രസ്തുത നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ടി വിഷയം സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണറും സർവെ ഡയറക്ടറും തമ്മിൽ 21/01/2026 ൽ ചർച്ച നടത്തിയിട്ടുള്ളതും നേരിട്ട് ഫീൽഡ് പരിശോധിച്ചും കൈവശ കക്ഷികളെ നേരിൽ കേട്ടും കൈവശ രേഖകൾ പരിശോധിച്ചും തഹസിൽദാർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് പരിശോധിക്കുവാനും **പ്രദേശത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമായി രേഖപ്പെടുത്തുന്നതിനായി ഡ്രോൺ ഇമേജ് തയ്യാറാക്കുന്ന കാര്യം കൂടി പരിശോധിച്ച് റിപ്പോർട്ട് സർക്കാരിൽ** |

| | | | |
|---|---|---|---|
| | | | **സമർപ്പിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ സർവെ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ